


E



# e വിദ്യ

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത് ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അദ്ധ്യാപകന്റെയും വിദ്യാര്ഥിയുടെയും സജീവവും സംപൂര്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്.വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാകും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമര്ദ്ധമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ത്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്.ഇതിന്റെ തുടർച്ചയായാണ് സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഘ്യമ് ഗുണപരമായും സര്ഗാത്മകയും പ്രേയോജനപ്പെടുത്തുന്നതായി 'ലൈറ്റ്ലെ കൈറ്റ്സ്" എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.

ലൈറ്റ്ലെ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്.സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപെടുന്നതിനു അവസരം നൽകി,ഓരോ കുട്ടിക്കും തനിക്കു യോജിച്ച മേഖലയോട് ആഭിമുഘ്യമ് ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രായോഗികപരിശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഗ്രാഫിക്സ് & അനിമേഷൻ, സ്കരച്ചി പ്രോഗ്രാമിങ്,പൈത്തൺ പ്രോഗ്രാമിങ്,മൊബൈൽ ആപ്പ് നിർമ്മാണം,റോബോട്ടിക്സ്,ഇലക്ട്രോണിക്സ്,ഹാർഡ്‌വെയർ,മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പുബ്ലിഷിങ്ങും,ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.കൂടാതെ,മികവു പുലർത്തുന്നവർക്ക് സബ്ജില്ലാ,ജില്ലാ,സംസ്ഥാന തല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.

# എന്റെ വിദ്യാലയം

ഞാൻ ഇവിടെ പറയുന്നത് എന്റെ സ്വന്തം സ്കൂളിനെ പറ്റിയാണ്.ഞാൻ പഠിക്കുന്നത് ചെട്ടികുളങ്ങര ഹൈ സ്കൂളിലാണ്.ചെട്ടികുളങ്ങര അമ്മയുടെ കടാക്ഷമുള്ള ഈ സരസ്വതി ക്ഷേത്രത്തിലെ തരിയിൽ കുഞ്ഞു മനസ്സുകളുടെ സ്പന്ദനം ഒളിഞ്ഞിരിക്കുന്ന ു.ഓരോ അധ്യയന വർഷത്തിന്റെ ആരംഭത്തിലും മാതാപിതാക്കളുടെ കൈപിടിച്ച് ഈ പടി ചവിട്ടുന്ന ഓരോ കുഞ്ഞു മനസ്സിലും പ്രേതീക്ഷയുടെ ഒരു പുതിയ കിരണമാണ് ഉദിച്ചു ഉയരുന്നത്.ഇവിടേയ്ക്ക് വരുന്ന ഓരോ വിദ്യാര്ഥിയുടെയും വിദ്യാർത്ഥി ജീവിതം ഒരു വസന്തത്തിന്റെ പൂക്കാലമാക്കി മാറ്റുവാൻ കുട്ടികളോടൊപ്പം നിന്ന് പ്രവർത്തിക്കുന്ന അദ്ധ്യാപകരാണ് ഈ സ്കൂളിന്റെ മുതൽക്കൂട്ട്.കുസൃതിയുടെ കാര്യത്തിലും,സൗഹൃദത്തിന്റെ കാര്യത്തിലും തീരെ പഞ്ഞമില്ലാത്ത ഒരു വിദ്യാലയ ജീവിതം ചെട്ടികുളങ്ങര സ്കൂളിലിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും ലഭിക്കും.ഈ സ്കൂളിന്റെ മുറ്റത്തു കുട്ടികൾക്ക് തണൽ നൽകാനായി ഒരു മുത്തച്ഛനുണ്ട്.ഒരു ബദാം മുത്തച്ഛൻ.ചെട്ടികുളങ്ങര സ്കൂളിൽ പഠിക്കുന്നതും പഠിച്ചതുമായ ഓരോ വിദ്യാർത്ഥികളും ഒരു വട്ടമെന്ക്കിലും ഈ തിരുമുറ്റത്തിരുന്നു ബദാം പൊട്ടിച്ചു കഴിച്ചിട്ടുള്ളവരാണ ്.എന്റെ ക്ലാസ്സിൽ അൻപതു കുട്ടികളാണുള്ളത് ഞങ്ങളുടെ എല്ലാവരുടെയും ഏതു പ്രേശ്നത്തിലും താങ്ങും തണലുമായി ഞങ്ങളോടൊപ്പമുള്ള ഞങ്ങളുടെ അമ്മയാണ് 'ബിന്ദു ടീച്ചർ'.

ഓരോ ദിവസവും സ്കൂളിൽ നിന്ന് പുതിയ പുതിയ അനുഭവങ്ങളാണ് ഉണ്ടാകുന്നത്.ചെട്ടികുളങ്ങര എന്ന ഗ്രാമത്തിന്റെ പേരിനെ തലയെടുപ്പോടെ എടുത്ത് കാണിക്കുന്ന ഭദ്രകാളി ക്ഷേത്രമാണ് ചെട്ടികുളങ്ങര ദേവി ക്ഷേത്രമെങ്കിൽ അതോടൊപ്പം തലയെടുപ്പോടെ നിൽക്കുന്ന സരസ്വതി ക്ഷേത്രമാണ് ചെട്ടികുളങ്ങര ഹൈസ്കൂൾ.ഈ സ്കൂളിന്റെ പേരിനും പ്രീശസ്തിക്കും വേണ്ടി ഒരുമിച്ചു പ്രേവര്തിക്കുന്ന ഒരു കൂട്ടായ്മയുടെ കൂടി പ്രേതീകമാണ് എന്റെ ഈ സ്കൂൾ.ഇവിടെ ഇപ്പോൾ ഉള്ളതും ഇനി വരാൻ പോകുന്നതുമായ എല്ലാ വിദ്യാർത്ഥികൾക്കും ഒരു നല്ല കലാലയ ജീവിതം ആശംസിക്കുന്നു.

Arathi krishna.A
9 B

# മാതൃഭാഷ

മാതൃഭാഷ എന്നത് അമ്മയെ പോലെയാണ്. മനുഷ്യന് സ്വന്തം ഭാഷയാണ് പെറ്റമ്മ. മറ്റുള്ള ഭാഷകൾ കേവലം തൊഴിൽ മാത്രമാണ്. അവനവനുടെ സങ്കടവും, സന്തോഷവും, ദേഷ്യവും എല്ലാം പറഞ്ഞറിയിക്കാൻ കഴിയുന്നത്. മാതൃഭാഷയിലൂടെ മാത്രമേ സാധിക്കുവെന്നതിന് യാതൊരു സംശയവുമില്ല. മാതൃഭാഷയെ വെറുക്കുന്ന ഇക്കാലത്ത് മലയാളം എന്ന കേരളീയരുടെ മാതൃഭാഷ നാട്ടിൻപുറത്തുകാർ മാത്രം സംസാരിക്കുന്ന ഒന്നായി മാറിക്കൊണ്ടിരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസം നേടി വിദേശത്ത് പേകുന്നവരും പോയി വന്നവരുമൊക്കെ തങ്ങളുടെ മാതൃഭാഷയായ മലയാളത്തിനെ മറന്ന് ഇംഗ്ലീഷ് സംസാരിക്കാൻ തയ്യാറാവുന്നു. മലയാളം പറയുന്നത് ഒരു കുറച്ചിലായും മലയാളം സംസാരിക്കുന്നവരോട് അവജ്ഞയും ഒക്കെ ഇക്കൂട്ടർക്ക് തോന്നുന്നു. പക്ഷേ ,മാതൃഭാഷ മുലപ്പാലിനൊപ്പം പകർന്നതാണെന്നും അതിനെ മറക്കുന്നത് ഊട്ടിവളർത്തിയ അമ്മയെ മറക്കുന്നതിന് തുല്യമാണെന്നും മാതൃഭാഷയെ നിന്ദിക്കുന്നത് അമ്മയെ നിന്ദിക്കുന്നതിന് തുല്യമാണെന്നും ഇവർ മനസ്സിലാക്കുന്നില്ല.

അങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സമൂഹത്തിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കുന്നവരും ഉണ്ട്. അവർ മാതൃഭാഷയെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും, ആദരിക്കുകയും ഒക്കെ ചെയ്യുന്നു. ഇവർ മാതൃഭാഷയെ മറക്കുന്നവർക്ക് അത് അരുത് എന്ന സന്ദേശവുമായി നിലകൊള്ളുകയും ചെയ്യുന്നു, മാതൃഭാഷയെ മറക്കാനുള്ളതല്ലെന്നും അത് സംസാരിച്ച് അടുത്ത തലമുറക്ക് കൈമാറേണ്ട ഒന്നാണെന്നും ഉള്ളത് ഏവർക്കും അറിയുന്ന കാര്യമാണ്. പക്ഷേ അത് അറിയാമായിട്ടും മാതൃഭാഷ നിന്ദിക്കുന്നവരുടെ സ്വഭാവം ഒന്നു വേറേ തന്നെയാണ്. പക്ഷേ അവരെക്കാൾക്കൂടുതൽ മാതൃഭാഷയെ സ്നേഹിക്കുന്നവരും ഉണ്ട്. അങ്ങനെ മാതൃഭാഷയെ കഴിയുന്നതും പരിപോഷിക്കുവാൻ എല്ലാവരും തയ്യാറാകണം. അങ്ങനെ മാതൃഭാഷ അനശ്വരമായ ഒന്നായി നിലകൊള്ളണം.

Sreelekshmi.S

## എന്റെ മുത്തശ്ശി

എന്റെ മുത്തശ്ശി
നല്ല മുത്തശ്ശി
കഥ പറയും മുത്തശ്ശി
കവിത പാടും മുത്തശ്ശി
നാമം ജപിക്കും മുത്തശ്ശി
പല്ലില്ലാത്ത മുത്തശ്ശി
എന്റെ സ്വന്തം മുത്തശ്ശി

Anjitha venugopal
Class-V.B

## അമ്പിളിഅമ്മാവൻ

ഒരു രാവിൽ ഞാൻ
അങ്കണത്തിൽ
ഇറങ്ങി നോക്കിയപ്പോൾ
ആകാശത്തായ് അമ്പിളി–
അമ്മാവൻ പുഞ്ചിരിച്ചു –
നിൽക്കുന്നു.
കുറേ നേരം കഴിഞ്ഞപ്പോൾ
പൂനിലാവിന് വെളിച്ചം
അതിന് അടുത്തായ്
കുറേ താരങ്ങളെയും
കാണാം... അമ്പിളി അമ്മാവൻ
പുഞ്ചിരിക്കുന്നത് കാണാൻ
എന്ത് അഴകാണ് ഇടക്ക്
ഇടെ മഴ മേഘങ്ങൾക്ക്
ഇടയിൽ മറയും
ആ രാവിൽ ഞാൻ
ആ ദൃഷ്ടിയിൽ
ഞാൻ മുഴുകി–
പോയി....

Rejana. B
V.B

# ചെറുകവിതകളും ചെറുകഥകളും

## ചെറുകവിതകൾ

**1. ഒരു തത്തപെണ്ണിന്റെ കല്ല്യാണം**

ഇത്തിരിവട്ടകുടയും ചൂടി തത്തികൊത്തി
നടക്കും പെണ്ണിന് കല്ല്യാണം
തത്ത പെണ്ണിന് കല്ല്യാണം
പച്ച തത്ത പെണ്ണിന് കല്ല്യാണം
അക്കര കാട്ടിലെ പൂച്ചയുമായി
തത്ത പെണ്ണിന് കല്ല്യാണം
പച്ച തത്ത പെണ്ണിന് കല്ല്യാണം
എന്നെ കൂടി വിളിക്കാമോ
തത്ത പെണ്ണിന്റെ കല്ല്യാണത്തിന്
എന്നെ കൂടി വിളിക്കാമോ
പച്ച തത്ത പെണ്ണിന്റെ കല്ല്യാണത്തിന്
എന്നെ കൂടി വിളിക്കാമോ

**2. തിരുവോണം**

വരവായി ഓണം വരവായി
വരവായി തിരുവോണം വരവായി
അത്തപ്പൂക്കളം വരവായി
ഉത്രാട സന്ധ്യ അണയും മുമ്പേ
അത്തപ്പൂക്കളം വരവായി
അത്തപ്പൂക്കളം ഇട്ടുകഴിയുമ്പോൾ
മാവേലി വരവായി ആ.....
മാവേലി വരവായി

# ചെറുകഥ

## അഹങ്കാരിയായ അമ്മുവിന്റെ പൊങ്ങച്ചം പറച്ചിൽ

ഒരിടത്ത് ഒരിടത്ത് അമ്മു എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ സ്കൂൾ ബസ്സിലാണ് പോകുന്നതും വരുന്നതും. അവളുടെ കൂട്ടുകാരികൾ ഇവളുടെ കഥകൾ കേൾക്കാൻ ബസ്സിലുണ്ടായിരുന്നു. അങ്ങനെ ഒരു ദിവസം അവളുടെ കൂട്ടുകാരികളിൽ ഒരുവളായ ലീന പറഞ്ഞു "കൂട്ടുകാരികളെ ഞാനിന്നൊരു സ്വപ്നം കണ്ടു. എനിക്കതിൽ പിന്നെ പേടിയാണ്". അപ്പോൾ പൊങ്ങച്ചക്കാരിയായ അമ്മു പറഞ്ഞു "എനിക്ക് പേടിയെ ാന്നുമില്ല ഞാൻ രാത്രിയിൽ ഒറ്റക്കാണ് കിടക്കുന്നത് ഞാൻ രാത്രിയിൽ വെളിയിലിറങ്ങും എന്നൊക്കെ അങ്ങനെ സ്കൂളിലെത്തി അവരെല്ലാം ക്ലാസ്സിൽ പോയി. അമ്മുവും ക്ലാസ്സിൽ പോയി. എന്നാൽ അവളുടെ അമ്മ അമ്മുവിനെയും ലീനയെയും അങ്ങനെ കുറച്ചു കുട്ടികളെ ട്യൂഷനെടുക്കുന്നുണ്ട്.അന്ന് വൈകുന്നേരം അമ്മുവിന് വയ്യാത്തതിനാൽ അവൾ ട്യൂഷൻ ക്ലാസ്സിലിരുന്നില്ല. അപ്പോൾ ലീന അമ്മുവിന്റെ അമ്മയോടു ചോദിച്ചു. "ടീച്ചറേ അമ്മുവിന് പേടിയുണ്ടോ അവൾ ബസ്സിലിരുന്നു പറഞ്ഞു അവൾക്ക് പേടിയില്ല രാത്രിയിൽ ഒറ്റക്കാ കിടക്കുന്നത്. രാത്രിയിൽ വെളിയിലിറങ്ങും എന്നൊക്കെ." അപ്പോൾ അമ്മ പറഞ്ഞു "ഹും അവക്കാണോ പേടിയില്ലാത്തെ. ഒരു സ്വപ്നം കണ്ടേ പിന്നെ എന്റെ കീഴിൽ നിന്ന് മാറത്തില്ല. ഇപ്പോൾത്തന്നെ അവൾ വീട്ടിൽ തനിച്ചിരിക്കുന്നത് തന്നെ എങ്ങനെയാണെന്ന് ദൈവത്തിനറിയാം." അപ്പോൾ കുട്ടികളെല്ലാം കിടന്നു ചിരിച്ചു. പിറ്റേദിവസം അമ്മു ബസ്സിൽ കയറിയപ്പോൾ ആരും മിണ്ടുന്നില്ല കഥ കേൾക്കാൻ വരുന്നില്ല. അപ്പോൾ അഹങ്കാരിയായ അമ്മു അവരെ കളിയാക്കി "എല്ലാരും എന്താ മൗനവ്രതത്തിലാണോ" എന്ന് പറഞ്ഞ്. ആ തക്കം നോക്കി ലീന ഇവൾക്കൊരു പമി കൊടുക്കാമെന്നു കരുതി. അവൾ പറഞ്ഞു. "ഇന്ന് രാവിലെ അമ്മ പറഞ്ഞു ഇപ്പോൾ പിള്ളാരെ പിടുത്തക്കാരുണ്ട് സൂക്ഷിച്ചും കണ്ടും വേണം നിൽക്കാൻ എന്ന്. അത് കേട്ടപ്പോൾ എനിക്ക് ഒന്നുകൂടി പേടികൂടി." അപ്പോൾ അമ്മു കളിയാക്കി "അയ്യേ പേടിതൊണ്ടി" എന്ന് പറഞ്ഞ്. അപ്പോൾ മറ്റൊരു കൂട്ടുകാരിയായ ഗീതു ചോദിച്ചു. "നിനക്ക് പേടിയുണ്ടോ" അവൾ പറഞ്ഞു. "എനിക്കോ പേടിയോ എനി്കെങ്ങും പേടി" വരെ പറഞ്ഞപ്പോൾ ലീന ചാടിക്കയറി പറഞ്ഞു. "ഉണ്ട്" അപ്പോൾ അമ്മു പറഞ്ഞ്. "ലീന എന്തിനാ അങ്ങനെ പറഞ്ഞത്" അപ്പോൾ ലീന പറഞ്ഞു "ഇന്നലെ ഞാൻ ട്യൂഷന് വന്നപ്പോൾ അമ്മയോട് ഞാൻ ചോദിച്ചു ടീച്ചറേ അവൾക്ക് പേടിയുാേ എന്ന്. അപ്പോൾ അമ്മ സത്യങ്ങൾ എല്ലാം പറഞ്ഞു. എന്തിനാ ഇനീം ഞങ്ങളെ പറ്റിക്കാൻ നോക്കുന്നത് അമ്മു".

## ഭൂമിയിലെ മനോഹര കാഴ്ചകൾ

നമ്മുടെ ഇന്ത്യയിലെ മനോഹര കാഴ്ചകളാണ് താജ്മഹലും കുത്തബ് മിനാറും. ഊട്ടി, കൊടെക്കനാൽ പ്രദേശങ്ങൾ തമിഴ്നാട്ടിലും ഫ്രാൻസിലെ പിസാ ഗോപുരമാണ് ലോകത്തിലെ ഏറ്റവും മനോഹര കാഴ്ച. നമ്മുടെ കൊച്ചു കേരളത്തിൽ ഇടുക്കി, തേക്കടി, മലമ്പുഴ എന്നിവടങ്ങളിലെ ഡാമുകൾ ധാരാളം ടൂറിസ്റ്റുകൾ വരുന്ന സ്ഥലങ്ങളാണ്. ഒരുപാടു പഴങ്ങളും നല്ല മണമുള്ള പൂക്കളും കുളിർക്കാറ്റും ,പക്ഷികളും കളഗാനവും തോടുകളും പുഴകളും അരുവികളും മാമലകളും നിറഞ്ഞ ഭൂപ്രകൃതിയാണ് കേരളത്തിൽ ഉള്ളത്. ആലപ്പുഴ ജില്ലയിലെ കായൽ പ്രദേശങ്ങൾ വളരെ മനോഹരമാണ്. പാലക്കാടുള്ള ടിപ്പു സുൽത്താന്റെ കോട്ട പഴമയുടെ ഒരു പ്രതീകം ആണ്. ദേശീയ പാത 544ൽ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിക്കും തൃശ്ശൂർ ജില്ലയിലെ മണ്ണൂത്തിക്കും ഇടയിൽ നിർമ്മാണത്തിലുള്ളതാണ് കുതിരാൻ തുരങ്കം. കുതിരാൻ മലനിരയെ തുരന്നു കൊണ്ടുള്ള ഈ തുരങ്കത്തിന് 920 മീറ്റർ ആണ് നീളം. തുരങ്കമുഖം ഉൾപ്പെടെ കൃത്യമായ ദൂരം ഒരു കിലോമീറ്റർ ആണ്. 14 മീറ്റർ വീതിയിലാണ് ഇരട്ട തിരങ്കത്തിന്റെ നിർമ്മാണം. ഉയരം 10 മീറ്റർ. തുരങ്കങ്ങൾ തമ്മിൽ 200 മീറ്റർ അകലമുണ്ട്. 450 മീറ്റർ പിന്നിട്ടാൽ ഓരോ തുരങ്കങ്ങളേയും ബന്ധിപ്പിച്ചു 14 മീറ്റർ വീഥിയിൽ പാത നിർമ്മിക്കാൻ പദ്ധതിയുണ്ട്. തുരങ്കത്തിനുള്ളിൽ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഹൈടെക് സംവിധാനം ഒരുക്കുന്നത്. പുറത്തു സ്ക്രീനുകൾ തയാറാക്കി അകത്തു പത്തു സി സി ക്യാമറകൾ സജ്ജീകരിക്കുന്നുണ്ട്. തുരങ്കത്തിന്റെ രറ്റത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഉണ്ടാവും. ഏതു നമ്മുടെ കൊച്ചു കേരളത്തിലെ മനോഹര കാഴ്ചയായിരിക്കും. ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണ് അമേരിക്കയിലെ നയാഗ്ര വെള്ളച്ചാട്ടം. ഇന്ത്യയിലെ എവറസ്റ്റ് കൊടുമുടി ഒരു മനോഹര കാഴ്ചയാണ്. കൊല്ലം ജില്ലയിൽ പുതുതായി ആരംഭിച്ച ജടായു പാറ ഒരു അത്ഭുതമാണ്. തൃശ്ശൂർ പൂരം അതിനോടനുബന്ധിച്ചുള്ള വെടിക്കെട്ട്, കുടമാറ്റം എന്നിവ മനസ്സിന് കുളിർമ്മയേകുന്നതാണ്. ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര കുംഭഭരണി മഹോത്സവം ലോകത്തിൽ തന്നെ സ്ഥാനം പിടിച്ചിട്ടുള്ളതാണ്. ഓണാട്ടുകരയിലെ മറ്റൊരു മനോഹര കാഴ്ചയാണ് ഓച്ചിറയിലെ കാള കെട്ട്. ഇങ്ങനെ ലോകത്തിലെ മനോഹര കാഴ്ചകൾ എണ്ണിയാൽ ഒടുങ്ങാത്തതാണ്.

Anjitha venugopal
V.B

**<u>പേടിക്കേണ്ടതില്ല തയാറാകു ; പ്രകൃതി  ദുരന്തങ്ങളുമായി ഇടപെടുക</u>**

_

പ്രകൃതിദത്ത പ്രക്രിയകളിൽ നിന്ന് ഒരു പ്രധാന സംഭവം

പ്രകൃതി ദുരന്തം ആണ്. ഒരു വലിയ നഷ്ടവും ജീവനും

സ്വത്തും നഷ്ടപ്പെടുന്ന . ഇത്തരം ദുരന്തങ്ങളിൽ, അവരുടെ

ജീവിതത്തെ അഴിച്ചുവിട്ട ജനങ്ങളുടെ എണ്ണത്തേക്കാൾ കൂടുതലാണ്

എഴുത്തുകാരൻ,വീടില്ലാത്ത ഭവനം. സ്വാഭാവിക ദുരന്തം നേരിടുന്ന

സ്ഥലത്തിന്റെ സമ്പത്ത്ഘടനപോലും ഫലപ്രദമാവുന്ന

പ്രകൃതിദത്ത ദുരന്തം സ്വാഭാവിക പ്രക്രിയയാണ്. അത് നിർത്താൻ

നമുക്ക് കഴിയില്ല.പക്ഷെ ചില തയാറെടുപ്പുകൾ നടത്തിക്കൊണ്ടു

, നഷ്ടത്തിന്റെ അളവ് ജീവിതത്തിലേക്കും സ്വത്തിലേക്കും കുറയ്ക്കാൻ കഴിയും

Anantha krishnan
9 B

അറിവ് മറ്റൊരാളിൽനിന്നും പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണ് എന്ന തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനുമപ്പുറം അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവവും സമ്പൂർണ്ണമായും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യ യുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാൻ ആകും. ഈ ആശയം പ്രയോജനപ്പെടുത്താനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ

അബ്ദുൾ കലാം രാജ്യം കണ്ടതിൽ വെച്ചു ഏറ്റവും ജനകീയനായ മുൻ രാഷ്ട്രപതി ഡോ എ. പി. ജെ അബ്ദുൾ കലാം രാജ്യത്തിന്റെ അമൂല്യ രത്നവും യഥാർത്ഥ മകനും അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായ സാധാരണ ക്കാരൻ. അദ്ദേഹത്തിന്റെ ഒരോ വാക്യങ്ങളും കാതിൽ വീണ്ടും വീണ്ടും ഓടിയെത്തുന്നു .1931 ഒക്ടോബർ 15 രാമേശ്വരത്ത് ജനിച്ചു.. 1969 യിൽ ഐ എസ് ആർ ഒ യിൽ ചേർന്നു. 2002 മുതൽ 2007 വരെ ഇന്ത്യയിലെ രാഷ്ട്രപതി ആയിരുന്നു. മിസൈൽ മാൻ ഓഫ് ഇൻഡ്യ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അഗ്നി പൃഥ്വി ത്തുടങ്ങിയ മിസൈലുകളുടെ ഉപജ്ഞാതാവ്.. അഗ്നിച്ചിറകുകൾ ആദ്യത്തേ

പ്രകൃതി സംരക്ഷണം ദൈവം നമുക്കു തന്ന വരമാണ് പ്രകൃതി. നാം അതിനെ നശിപ്പിക്കാൻ പാടില്ല പകരം അതിനെ സംരക്ഷിക്കണം. പ്രകൃതിയെ സംരക്ഷിക്കണമെങ്കിൽ നാം ഏവരും വീടും. പരിസരങ്ങളിലും ചെടിയും തണൽ മരങ്ങളും ഒക്കെ നട്ടുവളർത്തനം. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കരുത്. മനുഷ്യന്റെയും വീടുകളുടെയും എണ്ണം വർദ്ധിച്ചു വരുന്നത് കൊണ്ട് ഭൂമിയെ സംരക്ഷിക്കുന്നത് അത്ര എളുപ്പം അല്ല.. നാം ഓരോരുത്തരും അതിനു വേണ്ടി ശ്രമിച്ചാൽ നമ്മുക്ക് ഭൂമിയെ സംരക്ഷിക്കാം. അതുകൊണ്ട് ഞാൻ ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു

നന്മ നിറയും മലയാളം... കിള്ളി കൊഞ്ചും മലയാളം..... തേനൂറും മലയാളം. ... തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും ആശാനും ഉള്ളൂരും വള്ളത്തോളും ആവോളം പാടി വർണിച്ചു സുന്ദരിയാകും മലയാളം..... സർഗസൃഷ്ടികളുടെ തുറസായ ലോകത്തിലേക്ക്.... ആസ്വാദക മനസ്സേ നിനക്ക് സ്വാഗതം........ ഇളം മനസ്സിൽ നിന്നും ഉയർന്ന ചിന്തകളുടെയും ആശയങ്ങളുടെയും ജാലകവാതിലുകൾ ഇതാ നിങ്ങൾക്കു മുന്നിൽ...

## ഒന്നാനാം കൊച്ചു തുമ്പി

ഒന്നാനാം കൊച്ചു തുമ്പി
എന്റെ കൂടെ പോരുമോ നീ

നിന്റെ കൂടെ പൊന്നാലോ
എന്തെല്ലാം തരുമെനിക്ക് ?

കളിക്കാനോ കുളം തരുമെ
കുളിക്കാനൊ കുളം തരുമെ
ഇട്ടിരിപ്പാൻ പൊൻ തടുക്കു
ഇട്ടുണ്ണാൻ പൊൻതളിക
കൈ കഴുകാൻ വെള്ളിക്കിണ്ടി
കൈ തോര്ത്താന് പുള്ളി പട്ടു
ഒന്നാനാം കൊച്ചു തുമ്പി
എന്റെ കൂടെ പോരുമോ നീ

Aswathy p

# പൊണ്ണൻ ഡിം

മണ്ണത്തുരുലൊരു  കണ്ണൻചേട്ടൻ
കിണ്ണൻപോലൊരു കഷണ്ടിക്കാരൻ
എന്നാ തലയിൽ ചുമന്നുകൊണ്ട്
തിണ്ണം നടന്നു വരുന്ന നേരം
പൊണ്ണത്തടിയന്നാം ഉണ്ണിച്ചേട്ടൻ
കണ്ണും തുറപ്പിച്ച മുന്നിലെത്തി
എണ്ണ തുളുമ്പി തറയിൽ വീണു
പൊണ്ണതടിയൻ മലർന്നു  വീണു

# കൃഷിക്കാരന്റെ ദേശാടനം

ഒരിടത്തൊരു ഒരു കൃഷിക്കാരനുണ്ടായിരുന്നു.കേശുറാം എന്നായിരുന്നു അയാളുടെ പേര്.അയാൾക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു.ഒരാൾ 7 ലും , ഒരാൾ 5 ലും, ഒരാൾ 9 ലുമാണ് പഠിക്കുന്നത്.അവരുടെ അമ്മ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കാശിയെ പ്രസവിച്ച കഴിഞ്ഞപ്പോൾ മരിച്ചുപ്പോയതാണ്.ആ മൂന്നു കുട്ടികൾക്കും അച്ഛൻ മാത്രമേയുള്ളു.ആ കുട്ടികൾ അധ്വാനിക്കുകയില്ല.

ഒരു ദിവസം അവരുടെ അച്ഛൻ കേശുറാം ദൂരെ ദിക്കുവരെ പോയി." മക്കളേ കൃഷിത്തോട്ടം നന്നായി നനച്ചേക്കണേ...”അയാളോടു മക്കൾ പറഞ്ഞു:"അതിനെന്താ... ഞങ്ങൾ നന്നായി നനച്ചോളാം... അച്ഛൻ പോയിട്ടു വാ...” മക്കൾ പറഞ്ഞു.മൂന്നാം ദിവസം തിരിച്ചെത്തിയ കേശുറാം കാണുന്നത് കരിഞ്ഞുണങ്ങിയ കൃഷിത്തോട്ടമാണ്.അയാൾക്ക് സങ്കടമായി.

"ഈശ്വരാ.... ഞാനെന്റെ മക്കളെ എങ്ങനെയാണ് നന്നാക്കിയെടുക്കുക.”

അങ്ങനെ കേശുറാം വിഷമിച്ചിരിക്കുമ്പോഴാണ് ഒരു സന്ന്യാസി അതുവഴി വന്നത്.അയാൾ കേശുറാമിന്റെ അടുത്തെത്തി.

"നിങ്ങളുടെ കൃഷിത്തോട്ടം കണ്ടിട്ട് നിങ്ങൾ ഒരു അധ്വാനിയാണെന്ന് മനസ്സിലായി.വിളഞ്ഞു പാകമായി കിടക്കുന്നല്ലോ.പിന്നെന്തിനാണ് വിഷമിക്കുന്നത്.?"

സന്ന്യാസി ചോദിച്ചു."മഹർഷി... ഞാൻ അധ്വാനിയാണ്.അതിനുള്ള ഫലം ദൈവം തരുന്നുമുണ്ട്.പക്ഷേ, എന്റെ മക്കളാണ് എന്റെ

# ചിത്രശാലഭം

ഞാനൊരു കുഞ്ഞൻ പുഴുവാണെ
പച്ചില തിന്നു നടപ്പാന്നെ
പച്ചിലതിനെന്ന് വയറുനിറഞ്ഞു
ഉറക്കമെന്നെപ്പിടികൂടി !!
മേത്തപുപ്പൊരിക്കി ഞാൻ
നാളുകളേറെയുറങ്ങി ഞാൻ !!
രാവുകൾ ,പകലുകളറിയാതെ
പുതച്ചുമൂടിയുറങ്ങി ഞാൻ !!
ഒരുനാൾ ജെട്ടിയുണർന്നു ഞാൻ
കണ്ണു തുറന്നു ,നോകീ ഞാൻ!!
എന്നെ കണ്ടു അതിശയമായീ



# ആനച്ചന്തം

ആനക്ക് കൊമ്പേത്തു

ചെന്താമണേ

കൊമ്പിന്റെ വമ്പനിക്കു

ഇഷ്ടമാണെ

കോമ്പുകുലുക്കി വരുന്ന നേരം

അമ്പട ! ഞാനോടി പാഞ്ഞതാണെ

# ഞാറ്റുവേല

കേരളീകരുടെ പരമ്പരാഗത കാർഷിക കലണ്ടറാണ് ഞാറ്റുവേല ഒരു ഞാറ്റുവേല എന്നാൽ ഏകദേശം രണ്ടാഴ്ചയാണ്. മേടമാസത്തിൽ തുടങ്ങി 27 ഞാറ്റുവേലകളായാണ് ഒരു കാർഷിക വർഷത്തെ പണ്ട് വിഭജിച്ചിരുന്നത്.ഞാറ്റുവേല നോക്കിയാണ് കൃഷി ചെയ്തോണ്ടിരുന്നത്

# കൊടുമുടി കഥകൾ

**ഓരോ ഭൂകണ്ഡത്തിൽ ഏറ്റവും ഉയരം കൂടിയ കൊടുമുടികൾ ഏതാണെന്നു അറിയാമോ ?**

**ഏഷ്യ: എവറസ്റ്റ്**

**സൗത്ത് അമേരിക്ക: അകോങ്കഗ്വ**

**നോർത്ത് അമേരിക്ക: മക്കിൻലി**

**ആഫ്രിക്ക: കിളിമഞ്ചാരോ**

**യൂറോപ്: എൽബ്രൈസ്**

**അന്റാർട്ടിക്ക: വിൽസൺ മാസിഫ്**

**ഓസ്ട്രേലിയ: കോസി യുസ്കോ**

**ഈ ഏഴു കൊടുമുടിയും കയറിയ ആദ്യ വ്യക്തി ആണ് റിച്ചാർഡ് ബോസ്**

## ബിമ്മുവിനെ കുടുക്കി

കാട്ടരുവിയുടെ തീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു

അവന്റെ വിനോദം.

ഒരു ദിവസം

ബീമു കാട്ടരുവിയുടെ

അരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ

ചാരി ഇരിക്കുന്നത് കണ്ടത് .

"ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട്

അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."

പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന്

കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു

പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്ക കയറിയത് . "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട്

കരടി വീട്ടിലേക്കു മടങ്ങി.

ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് കോക്രി തവളയെ

കണ്ടത് . അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞു.ചേട്ടാ..

ഇങ്ങോട്ടു വാ .. നമുക്ക് നീന്തി

കളിക്കാം..."

ബീമുവിന് അത് പിടിച്ചില്ല.. "

ഹും , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി .

**പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....."**

**അവൻ പറഞ്ഞു. അതുകണ്ട് തവള**

**പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്."**



# വരകൾ




Hridhika hareesh
9 B

PRANAV

9 C




J MIDHUNRAJ
9 B


ABHIJITH.O
9 C


KAITHA


THANK YOU
39